"ഭരണഭാഷ-മാതൃഭാഷ"

27

ഡയറക്ടർ ജനറലിന്റെ കാര്യാലയം,
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
ഹോം ഗാർഡ്സ് & സിവിൽ ഡിഫൻസ് ആസ്ഥാനം,
ഫയർഫോഴ്സ് ജംഗ്ഷൻ,
തിരുവനന്തപുരം-1.
Phone:0471-2320872.
Email-hq.frs@kerala.gov.in
തീയതി : 09.12.2020.

**നമ്പർ:എഫ്.3-4721/2020.**

## സ്റ്റാൻഡിംഗ് ഓർഡർ നം.12/2020

വിഷയം: കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആസ്ഥാനം - സംസ്ഥാനത്ത് ഹോംഗാർഡ്സ് നിയമനത്തിന് വനിതാ സംവരണം ഏർപ്പെടുത്തിയത് സംബന്ധിച്ച തുടർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

സൂചന:
1) ജി.ഒ.(എം.എസ്)നം.179/2009/ആഭ്യന്തരം, തീയതി : 12.11.2009.
2) ജി.ഒ.(എം.എസ്)നം.190/2009/ആഭ്യന്തരം, തീയതി : 26.11.2009.
3) ജി.ഒ.(എം.എസ്.)നം.84/2016/ആഭ്യന്തരം, തീയതി : 03.03.2016.
4) സർക്കാർ ഉത്തരവ് (കൈ) നം.194/2020/ആഭ്യന്തരം, തീയതി : 16.10.2020.
5) സ്റ്റാൻഡിംഗ് ഉത്തരവ് നം.10/09, തീയതി : 17.12.2009.

...........

മേൽ സൂചനയിലെ (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിലും അഗ്നിരക്ഷാ വകുപ്പിലും ദിവസ വേതനത്തിൽ നിയോഗിക്കുന്നതിനായി സംസ്ഥാനത്ത് 3000 ഹോം ഗാർഡുകളെ നിയമിച്ച് കൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് ടി ഹോം ഗാർഡുകളെ വിവിധ ജില്ലകളിൽ താഴെ പറയുംപ്രകാരം അനുവദിച്ചിരുന്നു.

| ക്രമ നം. | ജില്ല | ഹോം ഗാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 400 |
| 2 | കൊല്ലം | 200 |
| 3 | പത്തനംതിട്ട | 100 |
| 4 | ആലപ്പുഴ | 200 |
| 5 | കോട്ടയം | 200 |
| 6 | ഇടുക്കി | 100 |
| 7 | എറണാകുളം | 400 |
| 8 | തൃശ്ശൂർ | 200 |
| 9 | പാലക്കാട് | 200 |
| 10 | മലപ്പുറം | 200 |
| 11 | കോഴിക്കോട് | 400 |
| 12 | വയനാട് | 100 |
| 13 | കണ്ണൂർ | 200 |
| 14 | കാസർഗോഡ് | 100 |

സൂചന (4) ലെ ഉത്തരവ് പ്രകാരം ടി ഹോം ഗാർഡ് നിയമനത്തിന് 30% വരെ സ്ത്രീ സംവരണം ഏർപ്പെടുത്തി ഉത്തരവായിരിക്കുന്നു. ആകയാൽ ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് വനിതാ ഹോംഗാർഡുകളെ നിയമിയ്ക്കുന്നതിന് താഴെപറയുന്ന വ്യവസ്ഥകൾ പുറപ്പെടുവിയ്ക്കുന്നു.

1) ഹോം ഗാർഡുകളുടെ എണ്ണം 3000-ൽ അധികം ആകരുത്.

....2)

2) ഹോം ഗാർഡുകളിൽ ഇനിഉണ്ടാകുന്ന ഒഴിവുകളിൽ 30% വനിതാ ഹോം ഗാർഡുകളെ നിയമിയ്ക്കാവുന്നതാണ്. വനിതകൾ ഇല്ലാത്തപക്ഷം പ്രസ്തുത ഒഴിവുകളിൽ പുരുഷൻമാരെ നിയമിക്കാവുന്നതാണ്.
3) സൂചന (5)ലെ സ്റ്റാൻഡിംഗ് ഉത്തരവിന് വിധേയമായി വനിതാ ഹോം ഗാർഡുകളെ നിയമിയ്ക്കുന്നതിനായി അപേക്ഷകൾ ലഭ്യമാക്കി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
4) വനിതാ ഹോംഗാർഡുകളെ ആവശ്യാനുസരണം അഗ്നിരക്ഷാ വകുപ്പിലും പോലീസ് വകുപ്പിലും നിയോഗിയ്ക്കാവുന്നതാണ്.
5) 30% വനിതാ സംവരണം ഏർപ്പെടുത്തുമ്പോൾ ഓരോ ജില്ലയിലേയും ഹോം ഗാർഡുകളുടെ എണ്ണം ചുവടെ ചേർക്കുംപ്രകാരം ആയിരിയ്ക്കും.
6) ഉണ്ടാകുന്ന ആദ്യത്തെ ഒഴിവ് സ്ത്രീകൾക്കും തുടർന്നുവരുന്ന ഒഴിവ് പുരുഷൻമാർക്കും നൽകേണ്ടതാണ്.

| ക്രമ നം. | ജില്ല | ഹോം ഗാർഡുകളുടെ എണ്ണം | വനിതാ പ്രാതിനിധ്യം (പരമാവധി) |
|---|---|---|---|
| 1 | തിരുവനന്തപുരം | 400 | 120 |
| 2 | കൊല്ലം | 200 | 60 |
| 3 | പത്തനംതിട്ട | 100 | 30 |
| 4 | ആലപ്പുഴ | 200 | 60 |
| 5 | കോട്ടയം | 200 | 60 |
| 6 | ഇടുക്കി | 100 | 30 |
| 7 | എറണാകുളം | 400 | 120 |
| 8 | തൃശ്ശൂർ | 200 | 60 |
| 9 | പാലക്കാട് | 200 | 60 |
| 10 | മലപ്പുറം | 200 | 60 |
| 11 | കോഴിക്കോട് | 400 | 120 |
| 12 | വയനാട് | 100 | 30 |
| 13 | കണ്ണൂർ | 200 | 60 |
| 14 | കാസർഗോഡ് | 100 | 30 |
| | **ആകെ** | **3000** | **900** |

വനിതാ ഹോംഗാർഡുകളെ നിയമിയ്ക്കുമ്പോൾ ഓരോജില്ലയിലേയും ഹോം ഗാർഡുകളുടെ എണ്ണം മേൽപറഞ്ഞ പട്ടികയിൽ പറയുന്നവയിൽ അധികം ആകുവാൻ പാടില്ല.

ഈ സ്റ്റാൻഡിംഗ് ഓർഡർ കൈപ്പറ്റിയ വിവരം അറിയിയ്ക്കേണ്ടതാണ്.

(ഒപ്പ്)
**ആർ.ശ്രീലേഖ, ഐ.പി.എസ്.**
**ഡയറക്ടർ ജനറൽ.**

എല്ലാ റീജിയണൽ ഫയർ ഓഫീസർമാർക്കും.
എല്ലാ ജില്ലാ ഫയർ ഓഫീസർമാർക്കും.
എല്ലാ സ്റ്റേഷൻ ഓഫീസർമാർക്കും.
സി.എ. (ഡി.ജി.), സി.എ. ഡി(റ്റി), സി.എ. ഡി(എ).
സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം,**

**ഡയറക്ടർ(ടെക്നിക്കൽ)**

F4.10/12.